# വൈറസും ഭൂപടവും

ആഗോളവത്കൃത ‘e'ലോകചിന്തയിൽ
ലോകമെന്നൊരു കൊച്ചുഗ്രാമത്തിൽ
അരികിലൊന്നിൽ 'കിരീട'മൊരുവൻ പിറന്നു
കൊറോണ നോവലെന്നോമനപ്പേരിലായ്.

വികസിത വികസ്വര രാഷ്ട്രങ്ങളിലെല്ലാം
ജാതി,മത,വർഗ്ഗ ഭേദമില്ലാതെ
ഭൂപടമൊന്നാകെ സന്ദർശിച്ചീടുവാൻ
നമ്മുടെ നാട്ടിലുമെത്തിയൊരു ദിനം

ആധിയായ് വ്യാധിയായ് ലോകമൊട്ടാകെയും
നെട്ടോട്ടമൊന്നുമെ എത്തീലൊരേടവും
ലോകത്തെ നേടിയ മനുഷ്യ മികവുകൾ
പാഴായി പരിഭ്രാന്തിയാൽ

ചന്ദ്രനിലേറിയ ശാസ്ത്രമില്ല!!
ആയുസ്സു നീട്ടിയ മരുന്നുമില്ല!!
ജീവനെ താങ്ങുവാൻ കെല്പുമില്ല!!
ആഡംബരത്തിൻെറ പ്രൗഢിയില്ല!!

വിനീത ഹൃദയരായ് ഐക്യത്തിലൊന്നായ്
സ്നേഹത്തിലകലം പാലിച്ചിടാതെ
പൊരുതിടാമീദുരിതം നിശ്ചയമായ്
നന്മയിൽ ചെന്നെത്തും ഭൂപടത്തിൽ!!!

ദർശൻ ജോർജ്ജ് 9 C
SMHS Marykulam